**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5088** **04-07-2024 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇംഗ്ലീഷിനെ ഭാഷാ വിഷയമായി പരിഗണിച്ച് പിരീഡ് അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്താനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ; | (എ) | സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | എച്ച്.എസ്.റ്റി. ഇംഗ്ലീഷ് പി.എസ്.സി. ലിസ്റ്റ് പുതുതായി എല്ലാ ജില്ലകളിലും നിലനിൽക്കുന്ന അവസരത്തിൽ താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് താൽക്കാലിക നിയമനങ്ങൾ നടത്തുന്നുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ; | (ബി) | 3, 4 ഡിവിഷനുകൾ മാത്രമുള്ള സ്കൂളുകളിൽ മുൻവർഷം താത്കാലിക തസ്തികകൾ അനുവദിച്ചിരുന്നു. ആയതിൽ താൽക്കാലിക നിയമനം നടത്തുമ്പോൾ പി.എസ്.സി ലിസ്റ്റിലുള്ളവർക്ക് മുൻഗണനയുണ്ട്. കൂടാതെ റഗുലർ തസ്തികകളിൽ പി.എസ്.സി വഴി പരമാവധി നിയമനങ്ങൾ നടത്തുന്നുണ്ട്. |
| (സി) | ഒരു ഇംഗ്ലീഷ് അധ്യാപകൻ പോലും ഇല്ലാത്ത സ്കൂളിലെങ്കിലും എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തിക സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | കുറഞ്ഞത് 5 ഡിവിഷനുകളുള്ള സ്കൂളുകളിലെല്ലാം ഇംഗ്ലീഷ് തസ്തികയിൽ അധ്യാപക നിയമനം അനുവദിച്ചിട്ടുള്ളതാണ്. 3, 4 ഡിവിഷനുകൾ മാത്രമുള്ള സ്കൂളായാലും ഇംഗ്ലീഷ് അധ്യാപകരെ നൽകുന്നതിന് മുൻവർഷം മുതൽ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| (ഡി) | 2023 -2024 ലെ സ്റ്റാഫ് ഫിക്സേഷന് ശേഷമുള്ള ഗവൺമെന്റ് സ്കൂളിലെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് അധ്യാപകരുടെ ആകെ ഒഴിവുകൾ ജില്ല തിരിച്ച് നൽകാമോ; | (ഡി) | തിരുവനന്തപുരം - 17<br>കൊല്ലം - 4<br>പത്തനംതിട്ട - 0<br>ആലപ്പുഴ - 4<br>കോട്ടയം - 0<br>ഇടുക്കി - 4<br>എറണാകുളം - 0<br>തൃശ്ശൂർ - 7<br>പാലക്കാട് - 9<br>മലപ്പുറം - 17 |

| | | | |
|---|---|---|---|
| | | | കോഴിക്കോട് - 5<br><br>വയനാട് - 9<br><br>കണ്ണൂർ - 2<br><br>കാസർഗോഡ് - 6 |
| (ഇ) | 2024-2025 ലെ സ്റ്റാഫ് ഫിക്സേഷൻ ഈ അധ്യയന വർഷം തന്നെ നടത്തി പുതിയ തസ്തിക സൃഷ്ടിക്കപ്പെടുന്നതിൽ നിയമനം നടത്തുമോ; വ്യക്തമാക്കുമോ? | (ഇ) | 2024-2025 ലെ തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ